**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ശാരീരികവെല്ലുവിളികൾ നേരിടുന്നവർക്ക് പെട്ടിക്കട വിതരണത്തിനുള്ള സബ്സിഡി തുക വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ(സാ.ധാ.)നം. 967/2012/തസ്വഭവ തിരുവനന്തപുരം, തീയതി, 30.03.2012.

---

പരാമർശം:-1. സർക്കാർ ഉത്തരവ് (എം.എസ്)നം.187/99/തസ്വഭവ തീയതി 01-10-1999.

2. പഞ്ചായത്ത് ഡയറക്ടറുടെ 06.02.2012-ലെ ജെ1-3310/2012 നമ്പർ കത്ത്

3. 20-03-2012-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ഐറ്റം നം.3.3 നമ്പർ തീരുമാനം.

<u>ഉത്തരവ്</u>

പരാമർശം (1)ലെ ഉത്തരവ് പ്രകാരം ശാരീരികവെല്ലുവിളികൾ നേരിടുന്നവർക്ക് നൽകാവുന്ന ധനസഹായം പദ്ധതി ചെലവിന്റെ 50% ഉം, പരമാവധി സഹായം 10,000/- രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്.

പരാമർശം (3)ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശാരീരികവെല്ലുവിളികൾ നേരിടുന്നവർക്ക് പെട്ടിക്കട നൽകുന്നതിന് പരമാവധി തുക 25,000/-രൂപ വരെ സബ്സിഡിയായി അനുവദിക്കാവുന്നതാണെന്ന് ഉത്തരവാകുന്നു.

പെട്ടിക്കട റോഡ് പുറമ്പോക്കിൽ അനധികൃതമായി സ്ഥാപിക്കാൻ പാടില്ല എന്ന നിബന്ധന കർശനമായി പാലിക്കേണ്ടതാണ്.

*ഗവർണറുടെ ഉത്തരവിൻപ്രകാരം,*
ജെയിംസ് വർഗ്ഗീസ്
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
3. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
4. ജില്ലാ പ്ലാനിംഗ് ഓഫീസർ(എല്ലാ ജില്ലയിലും പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ ഐ.കെ.എം. തിരുവനന്തപുരം
6. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
7. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ